**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 560** **06-12-2022 - ൽ മറുപടിയ്ക്ക്**

**N-95 മാസ്ക് വാങ്ങൽ - അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റെപ്പ് ഓയിൽ ഫീൽഡ്ആൻഡ് എക്യുപ്മെന്റ് ട്രേഡിങ്ങ് എൽ. എൽ. സി. എന്ന യു .എ. ഇ. ആസ്ഥാനമായ സ്ഥാപനത്തിൽ നിന്നും എൻ -95 മാസ്ക് വാങ്ങുവാൻ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ തീരുമാനത്തിനുള്ള അംഗീകാരത്തിനായി സമർപ്പിച്ച ഹെൽത്ത് ബി3/130/2020-ഹെൽത്ത് എന്ന ഫയലിലെ പർച്ചെയ്സുകൾക്ക് സർക്കാർ അംഗീകാരം നല്കിയിരുന്നോ എന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് രൂക്ഷമായ ഘട്ടത്തിൽ, സ്റ്റെപ്പ് ഓയിൽ ഫീൽഡ് ആൻഡ് എക്യുപ്മെന്റ് ട്രേഡിങ്ങ് എൽ. എൽ. സി. എന്ന യു.എ.ഇ. ആസ്ഥാനമായ സ്ഥാപനത്തിൽ നിന്നും എൻ-95 മാസ്ക് സംഭരിച്ച കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ നടപടി സർക്കാർ ഹെൽത്ത് ബി3/130/2020-ഹെൽത്ത് എന്ന ഫയലിൽ 07.05.2020-ലെ സ.ഉ, (സാധാ) നം.838/2020/ആ.കു.വ പ്രകാരം സാധൂകരിച്ച് നൽകിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത സ്ഥാപനം ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതിനാൽ ഈ ബില്ലിൽ ജി.എസ്.ടി. നമ്പർ രേഖപ്പെടുത്തിയിട്ടില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (ബി) | പ്രസ്തുത സ്ഥാപനം ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതിനാൽ ജി.എസ്.ടി. നമ്പർ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. |
| (സി) | ജി. എസ്. ടി. ഈടാക്കിയിട്ടില്ലാത്ത ഒരു പർച്ചെയ്സിന് സർക്കാർ അംഗീകാരം നൽകിയത് നിയമവിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | കോവിഡ് കാലത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നടത്തിയ പർച്ചേസുകളെ സംബന്ധിച്ച് സംസ്ഥാന ധനകാര്യ പരിശോധന വിഭാഗം പരിശോധന നടത്തി വരുന്നു. |
| (ഡി) | പ്രസ്തുത പർച്ചെയ്സ് തുക സ്ഥാപനത്തിന്റെ ഉടമയുടെ കേരളത്തിലെ അക്കൗണ്ടിൽ കൈമാറിയത് നിയമവിരുദ്ധമാണെന്ന വസ്തുത ധനകാര്യവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | (ഡി) | കോവിഡ് കാലത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നടത്തിയ പർച്ചേസുകളെ സംബന്ധിച്ച് സംസ്ഥാന ധനകാര്യ പരിശോധന വിഭാഗം പരിശോധന നടത്തി വരുന്നു. |
| (ഇ) | പ്രസ്തുത സ്ഥാപനവുമായി നടത്തിയിട്ടുള്ള കരാർ പ്രകാരമുള്ള തുക വ്യക്തിയുടെ അക്കൗണ്ടിൽ നൽകിയ നടപടി, അംഗീകാരം നൽകുന്നതിന് മുൻപ് ധനവകുപ്പ് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഇ) | കോവിഡ് കാലത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നടത്തിയ പർച്ചേസുകളെ സംബന്ധിച്ച് സംസ്ഥാന ധനകാര്യ പരിശോധന വിഭാഗം പരിശോധന നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ